ഈ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം തൊഴിൽ ലഭിച്ചവർ

787. [977] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം 30-9-1986 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം എത്രപേർക്ക് തൊഴിൽ നൽകി ;

(ബി) 30-9-1986-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരം എത്ര പേർ ഗവൺമെന്റ് സർവീസിൽ ജോലി ചെയ്യുന്നുണ്ട് ?

ഉത്തരം

(എ) 30-9-1986-ലെ കണക്ക് ലഭ്യമല്ല. 1986 ജനുവരി 1 മുതൽ 31-8-1986 വരെ 11,215 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

ഡി. വൈ. എഫ്. ഐ. സമരം ഒത്തുതീർപ്പായതിനുശേഷം നൽകിയ തൊഴിലില്ലായ്മ വേതനം

788. [978] ശ്രീ. എം. വി. രാഘവൻ :

,, സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. വൈ. എഫ്. ഐ. സമരം ഒത്തുതീർപ്പായതിനുശേഷം സംസ്ഥാനത്ത് തൊഴിലില്ലായ്മാ വേതനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ;

(ബി) എത്ര പേർക്കാണ് ഇങ്ങനെ തൊഴിലില്ലായ്മ വേതനം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. എല്ലാ ജില്ലകളിലും വിതരണം നടത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

1985-86-ൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിന് ബഡ്ജറിൽ ഉൾപ്പെടുത്തിയിരുന്ന തുക

789. [979] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, വി. കേശവൻ

,, സി. ടി. കൃഷ്ണൻ :

,, വർക്കല രാധാകൃഷ്ണൻ :

,, കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിന് ബഡ്ജറിൽ എന്തു തുക ഉൾപ്പെടുത്തിയിരുന്നു ;

(ബി) പ്രസ്തുത വർഷം തൊഴിലില്ലായ്മ വേതനം നൽകിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) 1986-87-ലെ ബഡ്ജറിൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിന് എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1985-86-ൽ തൊഴിലില്ലായ്മ വേതനത്തിനും സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിക്കുമായി 12 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു.

(ബി) തൊഴിലില്ലായ്മ വേതനം നൽകിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	32,332
കൊല്ലം	27,029
പത്തനംതിട്ട	5,144
ആലപ്പുഴ	20,941
കോട്ടയം	19,775
ഇടുക്കി	6,284
എറണാകുളം	19,708
തൃശ്ശൂർ	10,035
പാലക്കാട്	6,174
മലപ്പുറം	6,275
കോഴിക്കോട്	11,757
വയനാട്	1,196
കണ്ണൂർ	10,503
കാസർകോട്	1,993
ആകെ	1,79,146

(സി) തൊഴിലില്ലായ്മ വേതനത്തിനും സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിക്കുംകൂടി 10 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്.

1986 സെപ്റ്റംബർ 30 വരെ തൊഴിലില്ലായ്മ വേതനം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക്

790. [981] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ തൊഴിലില്ലായ്മാവേതനം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

തൊഴിലില്ലായ്മാവേതനം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	38,835
കൊല്ലം	31,334
പത്തനംതിട്ട	6,443
ആലപ്പുഴ	23,637
കോട്ടയം	21,843
ഇടുക്കി	6,609
എറണാകുളം	21,311
തൃശ്ശൂർ	12,133
പാലക്കാട്	7,610
മലപ്പുറം	8,054
കോഴിക്കോട്	14,857

LIBRARY ARCHIVES Kerala Legislative Assembly